(ii) ഹൗസാലാന്റ് (നൈജീരിയ)

ആഫ്രിക്കയിലെ ഏറ്റവുമധികം ജനങ്ങളുള്ള രാജ്യമാണ് നൈജീരിയ. ഹി. 7-10 നൂറ്റാണ്ടുകൾക്കിടയ്ക്കാണ് അവിടെ ഇസ്‌ലാം ശക്തി പ്രാപിക്കുന്നത്. ക്രി. 16-ാം നൂറ്റാണ്ടിൽ ബോർനോ പ്രവിശ്യയിൽനിന്നാണ് വടക്കൻ നൈജീരിയയിൽ ഇസ്‌ലാം വ്യാപകമായി പ്രചരിച്ചത്.

അതിനുമുമ്പ് 13, 14 നൂറ്റാണ്ടുകളിൽ പശ്ചിമാഫ്രിക്കയിൽനിന്ന് വന്ന കച്ചവടക്കാർ നൈജീരിയയിലെ ഫുലാനി, ഹൗസ ഗോത്രങ്ങളെ ഇസ്‌ലാമിലേക്ക് ക്ഷണിച്ചു. അവർ മുഖേന പിന്നീട് രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിലേക്ക് ഇസ്‌ലാം വ്യാപിച്ചു. ഉത്തര നൈജീരിയ ഇന്ന് മുസ്‌ലിം ഭൂരിപക്ഷ പ്രദേശമാണ്. ദക്ഷിണ നൈജീരിയയിൽ ക്രിസ്ത്യാനികൾക്കാണ് ഭൂരിപക്ഷം. ഇസ്‌ലാം സ്വീകരിച്ചിട്ടും ഇവിടത്തെ ജനങ്ങളിൽ ഗോത്ര-വർഗ സംസ്കാരത്തിൽ അധിഷ്ഠിതവും ബഹുദൈവ വിശ്വാസത്തിന്റെ കലർപ്പുള്ളതുമായ പല ആചാരങ്ങളും നിലനിന്നിരുന്നു. 19-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ ഉഥ്മാൻ ദാൻഫോദിയോ (1754-1817) എന്ന ഫുലാനീ പണ്ഡിതനാണ് ഇസ്‌ലാമിനെക്കുറിച്ച് ഇവർക്ക് ശരിയായ ബോധനം നല്കിയത്.